(എ) ഉണ്ട്.

(ബി) വിതരണരംഗവുമായി ബന്ധപ്പെട്ട ഉപഭോക്താക്കളുടെ പരാതികൾക്ക് സെക്ഷൻ തലത്തിൽത്തന്നെ പരിഹാരം കാണാൻ സംവിധാനം നിലവിലുണ്ട്. ഉപഭോക്താക്കളുടെ പരാതികൾ ക്രമനമ്പരിട്ട് രേഖപ്പെടുത്തുന്നതിന് സെക്ഷനാഫീസുകളിൽ പരാതി പുസ്തകമുണ്ട്. ഇത്തരം പരാതികൾ മുൻഗണനാക്രമത്തിൽ ഉത്തരവാദപ്പെട്ട ബോർഡ് ജീവനക്കാർ പരിഹരിക്കുന്നു. ഈ പരാതികളുടെ സ്ഥിതി അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിക്കുകയും ചെയ്യും. കൂടാതെ, ബോർഡിന്റെ വിവിധ മേലാഫീസുകളിൽ ലഭിക്കുന്ന പരാതികളും പരിശോധിച്ചു പരിഹരിക്കാറുണ്ട്.

(സി) പര്യാപ്തമാണ്.

(ഡി) ഉണ്ട്.

(ഇ) 1/8/1999 മുതൽ 15/8/1999 വരെയാണ് അദാലത്തുകൾ നടത്തുവാൻ ഉദ്ദേശിക്കുന്നത്.

(എഫ്) സംഘടിപ്പിക്കുന്ന അദാലത്തുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(ജി) 15/7/1999 മുതൽ 31/7/1999 വരെ ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിനായി ഉപഭോക്താക്കളുടെ സൗകര്യാർത്ഥം മേജർ സെക്ഷനിലോ ഡിവിഷൻ ഓഫീസിലോ വച്ച് അതാതിടത്തെ ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറാണ് അദാലത്തുകൾ സംഘടിപ്പിക്കുന്നത്. ലഭിക്കുന്ന പരാതികളുടെ സ്വഭാവവും എണ്ണവും നോക്കി ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കാതെ പരാതി പറയുവാൻ തക്കവിധം മേജർ സെക്ഷനിലോ ഡിവിഷനിലോ വച്ച് ഇവ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ നടത്തേണ്ടിവരുന്ന അദാലത്തുകളുടെ എണ്ണം ഇപ്പോൾ തിട്ടപ്പെടുത്തുവാൻ കഴിയില്ല. അദാലത്തുകളിൽ സന്നിഹിതരാകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളേയും ക്ഷണിക്കുന്നതാണ്. സന്നിഹിതരാകുന്ന ഈ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിലായിരിക്കും പരാതികൾ കേട്ട് തീരുമാനമെടുക്കുക. തീരുമാനം പരാതിക്കാരനെ രേഖാമൂലം അറിയിക്കുന്നതാണ്.

(എച്ച്) വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട് ഉപഭോക്താക്കൾക്കുള്ള എല്ലാ പരാതികളും അദാലത്തുകളുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

9 (*319) കരിക്കുലം പരിഷ്ക്കരണം

ശ്രീ. എൻ.ആർ. ബാലൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എം. ദാസൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണത്തിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രൈമറി ക്ലാസ്സുകൾ മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികളുടെ പഠന സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനായി കരിക്കുലം പരിഷ്കരിക്കൽ പ്രക്രിയ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതിൽ ഇംഗ്ലീഷ് മീഡിയം മലയാളം മീഡിയം വിദ്യാർത്ഥികൾക്ക് കരിക്കുലം പരിഷ്കരണം ഏത് രീതിയിലാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) കരിക്കുലം പരിഷ്കരണത്തിനായി സർക്കാർ വിദഗ്ദ്ധ സമിതിയുടെ പഠനത്തിന് വിധേയമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതിയുടെ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമോ;

(ഇ) സംസ്ഥാനത്ത് പലവിധത്തിലുള്ള വിദ്യാഭ്യാസ സമ്പ്രദായങ്ങൾ ഇപ്പോഴും തുടരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്തു നടപടി സ്വീകരിച്ചുവരുന്നു;

(എഫ്) ഇംഗ്ലീഷ്-മലയാളം മീഡിയം വിദ്യാർത്ഥികൾക്ക് ഒരേ തലത്തിലുള്ള കരിക്കുലം പരിഷ്കരണം നടപ്പാക്കാൻ സർക്കാർ എന്ത് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വിശദാംശം വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റേയും കാലോചിതമായി പരിഷ്കരിക്കുന്നതിന്റേയും ഭാഗമായി ഒട്ടനവധി പരിപാടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

(1) കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിന് ഡോ. കെ. ഗോപാലൻ ചെയർമാനായുള്ള കമ്മിറ്റി പ്രവർത്തനം ആരംഭിച്ചു.

(2) ശിശു കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമായ പാഠ്യപദ്ധതി പ്രൈമറി ക്ലാസ്സുകളിൽ നടപ്പിലാക്കി.

(3) ഡി.പി.ഇ.പി. ആറ് ജില്ലകളിൽ ഫലപ്രദമായി നടപ്പിലാക്കിവരുന്നു.

(4) ഡി.പി.ഇ.പി. പ്രകാരം പ്രൈമറി ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകി. കൂടാതെ എല്ലാ ജില്ലകളിലേയും 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ട്രെയിനിംഗ് നൽകിവരുന്നു.

(5) വിവിധ ജില്ലകളിൽ വിവിധ വിഷയങ്ങൾക്കും ഭാഷകൾക്കും പ്രത്യേക അദ്ധ്യാപക പരിശീലനം ഏർപ്പെടുത്തി നടപ്പാക്കി വരുന്നു.

(6) പ്രൈമറി സ്കൂളുകളുടെ നടത്തിപ്പും മേൽനോട്ടവും ഗ്രാമപഞ്ചായത്തുകളേയും ഹൈസ്കൂളുകളുടെ മേൽനോട്ടവും ഉത്തരവാദിത്തവും ജില്ലാ പഞ്ചായത്തുകളേയും ഏൽപ്പിക്കുക വഴി അധികാരവികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കിവരുന്നു.

(7) ടി.ടി.ഐ. കോഴ്സുകൾ പുനരാരംഭിക്കുകയും പുതിയ പാഠ്യപദ്ധതി നടപ്പിലാക്കുകയും ചെയ്തു.

(8) വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടാവുന്ന കുറവ് കാരണം ജോലി നഷ്ടപ്പെടുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ നിലനിർത്താനായി അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:40 ആയി പുനഃക്രമീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(9) കോളേജുകളിൽനിന്ന് ഘട്ടംഘട്ടമായി പ്രീ-ഡിഗ്രി വേർപെടുത്തി ഹയർ സെക്കണ്ടറി വിദ്യാഭ്യാസം നടപ്പിലാക്കിവരുന്നു.

(10) സ്റ്റേറ്റ് ഓപ്പൺ സ്കൂൾ പദ്ധതി നടപ്പിലാക്കുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങി.

(11) അസാധാരണ കഴിവുള്ള കുട്ടികളെ കണ്ടെത്തി അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും കലകളിൽ അഭിരുചിയുള്ള സാധുക്കളായ കുട്ടികൾക്ക് ധനസഹായം നൽകുന്നതിനും പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(12) പത്താം ക്ലാസ്സിലെ വിജയശതമാനം കുറഞ്ഞ സർക്കാർ സ്കൂളുകളെ ഉൾപ്പെടുത്തി "അഡോപ്റ്റഡ് സ്കൂൾ" എന്ന പദ്ധതിയിൽപ്പെടുത്തി ഇടവേളകളിൽ വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ലാസ്സുകൾ നൽകിവരുന്നു.

(13) ഹയർ സെക്കണ്ടറിക്കായി കരിക്കുലവും സിലബസും ഉണ്ടാക്കി അദ്ധ്യാപക പരിശീലനം നടത്തിവരുന്നു.

(14) വിദ്യാഭ്യാസത്തിലൂടെ കരുത്താർജ്ജിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ 'മഹിളാ സമാഖ്യ പദ്ധതി' തിരുവനന്തപുരം, ഇടുക്കി ജില്ലകളിലെ തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ പ്രവർത്തനം ആരംഭിച്ചു.

(15) പ്രീപ്രൈമറി സ്ഥാപനങ്ങളെ ക്രമീകരിക്കുന്നതിനും. ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യുന്നതിനും സർക്കാരിന് അധികാരം നൽകുന്ന ശിശു സംരക്ഷണ ബിൽ നിയമസഭയിൽ അവതരിപ്പിച്ചു.

(ബി) ഡി.പി.ഇ.പി.യുടെ നേതൃത്വത്തിൽ രൂപപ്പെടുത്തിയ പ്രൈമറി പാഠ്യപദ്ധതി ആദ്യം ആറ് ഡി.പി.ഇ.പി. ജില്ലകളിലും തുടർന്ന് മതിയായ ഭേദഗതികൾ വരുത്തി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കി. ഈ അദ്ധ്യയന വർഷത്തിൽ 5-ാം ക്ലാസ്സിലെ പാഠ്യപദ്ധതി പരിഷ്കരണം എല്ലാ ജില്ലകളിലും വ്യാപിപ്പിച്ചു. ഡി.പി.ഇ.പി. ജില്ലകളിലെ ആറാം ക്ലാസ്സിലെ പാഠ്യപദ്ധതി ഈ വർഷം പരിഷ്കരിച്ചു. കൂടാതെ പ്രീ-പ്രൈമറി മുതൽ ഹയർ സെക്കണ്ടറി തലംവരെയുള്ള പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനായി ഒരു കരട് സമീപന രേഖ എസ്.സി.ഇ.ആർ.ടി രൂപപ്പെടുത്തിയിട്ടുണ്ട്.

(സി) ഇംഗ്ലീഷ് മീഡിയം - മലയാളം മീഡിയം എന്ന് വേർതിരിച്ച് കരിക്കുലം പരിഷ്കരിച്ചിട്ടില്ല. നിലവിലുള്ള ചട്ടപ്രകാരം ഇംഗ്ലീഷ് മീഡിയം 5-ാം ക്ലാസ് മുതലേ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ നടപ്പാക്കിയിട്ടുള്ളൂ. പുതിയ പാഠ്യപദ്ധതി അനുസരിച്ച് പരിഷ്കരിച്ച പാഠപുസ്തകങ്ങളുടെ ഇംഗ്ലീഷ് തർജ്ജമ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ അഞ്ചും ആറും ക്ലാസ്സുകളിൽ ലഭ്യമാണ്.

(ഡി) കരിക്കുലം പരിഷ്കരണത്തിനായി എസ്.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ വിവിധ സമിതികൾ പ്രവർത്തിച്ചുവരുന്നു. വിവിധ സമിതികളുടെ ശുപാർശകൾ കരിക്കുലം കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ചതിന്ശേഷം മാത്രമാണ് നടപ്പിലാക്കിവരുന്നത്. പ്രൈമറി പാഠ്യപദ്ധതിയുടെ ന്യൂനതകൾ പരിഹരിക്കുന്നതിനായി നിയോഗിച്ച ഗുപ്തൻനായർ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ഇനിയും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്. നിയമാനുസൃതം പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ നടപടികൾ ഒന്നും കൈക്കൊള്ളാനാവില്ല. അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകളെ നിയന്ത്രിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

(എഫ്)പ്രൈമറി ക്ലാസ്സുകൾക്ക് ഇംഗ്ലീഷ് മീഡിയത്തിൽ സർക്കാർ അംഗീകരിച്ച പാഠ്യപദ്ധതി നിലവിലില്ല. എന്നാൽ അഞ്ചാം ക്ലാസ് മുതൽ ഇംഗ്ലീഷ്-മലയാളം മീഡിയത്തിൽ ഒരേ പാഠ്യപദ്ധതിയാണ് നടപ്പാക്കിയിരിക്കുന്നത്.

10 (*320) ഉന്നത വിദ്യാഭ്യാസരംഗത്തെ ഫീസ് വർദ്ധന

ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. എം. മുരളി :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ ഫീസ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്തെ ഫീസ് ചുമത്തുന്നത് ആളോഹരി വരുമാനവുമായി ബന്ധപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ;

(സി) ഉണ്ടെങ്കിൽ ആളോഹരി വരുമാനത്തിന്റെ എത്ര ശതമാനമായി ഫീസ് നിർണ്ണയിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) പോളിടെക്നിക്കുകളിലെ അഡ്മിഷൻ ഫീ, സ്പെഷ്യൽ ഫീ, ട്യൂഷൻ ഫീ എന്നിവ വർദ്ധിപ്പിച്ചിട്ടുണ്ട്. കോളേജുകളിലെ ഫീസുകൾ വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച ഉത്തരവ് സർക്കാർ മരവിപ്പിച്ചിരിക്കുകയാണ്. പരീക്ഷാ ഫീസും മറ്റ് ബന്ധപ്പെട്ട ഫീസുകളും വർദ്ധിപ്പിക്കുന്ന അന്തിമ തീരുമാനമായിട്ടില്ല.

(ബി)&(സി) ഫീസ് ചുമത്തുന്നത് ആളോഹരി വരുമാനവുമായി ബന്ധപ്പെടുത്തിയിട്ടല്ല.

11 (*321) ആദിവാസി കുടുംബങ്ങൾക്ക് പ്രകൃതിക്ഷോഭത്തിൽനിന്നും സംരക്ഷണം

ശ്രീ. എ.കെ. മണി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ബാലറാം :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങൾക്ക് വർഷകാലത്ത് ഉണ്ടാകുന്ന പ്രകൃതിക്ഷോഭത്തിൽനിന്നും സംരക്ഷണം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകളുടെ വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly